**പതിനാലാം കേരള നിയമസഭ**

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1753

08.06.18 - ൽ മറുപടിക്ക്.

# ഭവനശ്രീ വായ്പയുടെ തിരിച്ചടവ്

| **ചോദ്യം** | | **മറുപടി** |
| --- | --- | --- |
| ശ്രീ. എ.എം.ആരിഫ് | | ഡോ.കെ.ടി.ജലീൽ<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| (എ) കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് ബാങ്കുകൾ മുഖേന നൽകിയ ഭവനശ്രീ വായ്പയുടെ തിരിച്ചടവ് സർക്കാർ ഏറ്റെടുത്തുകൊണ്ട് തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ് 111/2017/dt 12.06.17 ഉത്തരവ് ഇറക്കി എങ്കിലും നാളിതുവരെയായി ബാങ്കുകളിലേക്ക് ഫണ്ട് ലഭിച്ചിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(ബി) ഫണ്ട് ലഭ്യമാക്കുവാൻ കാലതാമസം ഉണ്ടായതിന്റെ വസ്തുത വിശദമാക്കാമോ; ബാങ്കുകൾക്ക് എന്ന് ഫണ്ട് അനുവദിക്കുമെന്ന് വ്യക്തമാക്കാമോ; | (എ) & (ബി) | 12/06/17 ന് ഭവനശ്രീ വായ്പയുടെ തിരിച്ചടവ് സർക്കാർ ഏറ്റെടുത്ത് കൊണ്ട് ഉത്തരവിറക്കിയെങ്കിലും ഫണ്ട് അനുവദിക്കുന്നതിന് നേരിട്ട ഭരണപരമായ താമസം മൂലമാണ് ബാങ്കുകൾക്ക് യഥാസമയം ഫണ്ട് കൈമാറാൻ കഴിയാതെപോയത്. എന്നാൽ 28/03/18 ന് ടി തുക ബാങ്കുകൾക്ക് ലഭ്യമായിട്ടുണ്ട്; മാത്രമല്ല എല്ലാ ബാങ്കുകൾക്കും ടി തുക ലഭിച്ചതായി ഉറപ്പുവരുത്തിയിട്ടുമുണ്ട്. |
| (സി) ബാങ്കുകളിലേക്ക് ഫണ്ട് ലഭിക്കാത്തതിനെ തുടർന്ന് ഗുണഭോക്താക്കൾ ജപ്തി നടപടികൾ നേരിടുന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഭവനശ്രീ വായ്പ സർക്കാർ ഏറ്റെടുത്ത് ഉത്തരവ് ആയതുമുതൽ തന്നെ ബാങ്കുകളുമായി ബന്ധപ്പെട്ട് ജപ്തി ഒഴിവാക്കാൻ വേണ്ട നടപടികൾ കുടുംബശ്രീമിഷൻ സ്വീകരിച്ചിരുന്നു. |
| (ഡി) ബാങ്കുകൾക്ക് ഫണ്ട് ലഭ്യമാക്കി ഗുണഭോക്താക്കളെ ജപ്തി നടപടികളിൽ നിന്നും സംരക്ഷിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കാമോ? | (ഡി) | ഗുണഭോക്താക്കളെ ജപ്തി നടപടികളിൽ നിന്നും സംരക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ